(ബി) ബ്ലോക്ക് പഞ്ചായത്തുകൾ മാത്രം തീരുമാനമെടുത്താൽ, പി. എം. ജി. എസ്. വൈ. റോഡുകൾക്ക് അനുമതി നേടാൻ ആവുകയില്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്തുകളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആർ. ഐ. ഡി. എഫ്. റോഡുകൾക്ക് അനുമതി ലഭിക്കുന്നതിന് സാദ്ധ്യത കൂടുതലാണ്.

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും പി. എം. ജി. എസ്. വൈ. പ്രകാരം പരമാവധി പ്രോജക്ടുകൾക്ക് അനുമതി നേടാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ഗ്രാമവികസനത്തിനായി പുതിയ റോഡുകൾ

84 [3971] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസനത്തിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം പുതിയ റോഡുകളുടെ നിർമ്മാണം നടപ്പിലാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട വസ്തുതകൾ വിശദമാക്കുമോ?

ഉത്തരം

(എ) & (ബി) ഗ്രാമവികസന വകുപ്പുവഴി കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന, സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന എന്നിവ മുഖേനയും നബാർഡ് വായ്പ ഉപയോഗിച്ചുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയിലും പുതിയ റോഡുകൾ ഏറ്റെടുക്കുന്നുണ്ട്.

സമ്പൂർണ്ണ ശുചിത്വ പദ്ധതി

85 [3972] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*
ശ്രീ. മഞ്ഞളാംകുഴി അലി:
,, *കെ. വി. കുഞ്ഞിരാമൻ:*
,, *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ ശുചിത്വ പദ്ധതി നടപ്പിൽ വരുത്തുന്നുണ്ടോ;

(ബി) ഏതെല്ലാം ജില്ലകൾ ഇതിനകം സമ്പൂർണ്ണ ശുചിത്വ പദ്ധതി നടപ്പിലാക്കുകയുണ്ടായി;

(സി) ശുചിത്വം സമ്പൂർണ്ണമല്ലാത്ത ജില്ലകൾ സംസ്ഥാനത്ത് ഉള്ളതായി സർക്കാർ കരുതുന്നുണ്ടോ;

(ഡി) സമ്പൂർണ്ണ ശുചിത്വ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് സഹായം ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കോട്ടയം ജില്ല ഒഴികെയുള്ള 13 ജില്ലകളിൽ ഇപ്പോൾ സമ്പൂർണ്ണ ശുചിത്വയജ്ഞ പരിപാടി നടപ്പിലാക്കി വരുന്നു. (കോട്ടയം ജില്ലയിൽ നിർമ്മൽ 2000 എന്ന പേരിൽ സി. ആർ. എസ്. പി. യുടെ ഭാഗമായിട്ടുള്ള ജില്ലാതല ശുചിത്വ പദ്ധതി മുൻപ് തന്നെ നടപ്പിലാക്കിയിട്ടുണ്ട്.)

(സി) ഒരു ജില്ലയും സമ്പൂർണ്ണശുചിത്വമുള്ള ജില്ലയായി കരുതുന്നില്ല.

(ഡി) സമ്പൂർണ്ണ ശുചിത്വയജ്ഞം ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഇതു പ്രകാരം അനുവദിക്കുന്ന ഗവൺമെന്റ് സബ്സിഡിയുടെ ഏകദേശം 75 ശതമാനത്തോളം തുക കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. ഇപ്പോൾ പദ്ധതി നടപ്പാക്കി വരുന്ന 13 ജില്ലകൾക്കായി ഇതുവരെ 3081.47 ലക്ഷം രൂപ കേന്ദ്രസർക്കാർ വിഹിതമായി ലഭിച്ചിട്ടുണ്ട്.

സമ്പൂർണ്ണ ശുചിത്വ മിഷൻ

86 [3973] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ശുചിത്വമിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സമ്പൂർണ്ണ ശുചിത്വമിഷന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി അവയ്ക്ക് പ്രവർത്തന ലക്ഷ്യം നിശ്ചയിച്ച് നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ;

(ഡി) ശുചിത്വമിഷൻ രൂപീകരിച്ചതിനുശേഷം അതിന്റെ പ്രവർത്തനത്തിന് 2004 ഡിസംബർ 31 വരെ എത്ര കോടി രൂപ ചെലവായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

(ബി) & (സി) 2005-2006 സാമ്പത്തിക വർഷത്തിൽ കേരള സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷന്റെ വിവിധ പ്രവർത്തനങ്ങൾക്ക് എല്ലാ ജില്ലകളിലും ലക്ഷ്യം നിശ്ചയിച്ച് അവലോകനം നടത്തി പരിപാടികൾ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly